## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.2547** **17.08.2017 ൽ മറുപടിയ്ക്ക്**

## നിരോധിത പാൻ ഉൽപ്പന്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കഞ്ഞിരാമൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | കർണ്ണാടക സംസ്ഥാനത്തെ മംഗളൂരു ഇടത്താവളമാക്കി നിരോധിത പാൻ ഉൽപ്പന്നങ്ങൾ തീവണ്ടി മാർഗ്ഗം കടത്തുന്നത് അടുത്തകാലത്തായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരോധിത പാൻ ഉൽപ്പന്നങ്ങൾ തീവണ്ടി മാർഗ്ഗം കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു |
| (ബി) | എങ്കിൽ കഴിഞ്ഞ അഞ്ചു മാസത്തിനിടെ ഇത്തരത്തിൽ എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | നിരോധിത പാൻ ഉൽപ്പന്നങ്ങൾ തീവണ്ടി മാർഗ്ഗം കടത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് മാസത്തിനിടെ 105 കേസ്സുകൾ എക്സൈസ് വകുപ്പ് കണ്ടെടുത്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നിരോധിത പാൻ ഉല്പന്നങ്ങൾ തീവണ്ടി മാർഗ്ഗം കടത്തുന്നത് തടയുന്നതിന് റെയിൽവെ പോലീസ്, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് എക്സൈസ് വകുപ്പ് ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തി വരുന്നു. അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം വസ്തുക്കളുടെ കടത്ത്, സംഭരണം തുടങ്ങിയവ സംബന്ധിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ